**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1082** — **11-02-2025 - ൽ മറുപടിയ്ക്ക്**

**റോഡ് റിസ്റ്റോറേഷന് മുമ്പായി കുടിവെള്ള പൈപ്പ് ലീക്ക് പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി റോഡിലെ വശങ്ങളിൽ പൈപ്പിട്ടതിനു ശേഷം റീസ്റ്റോറേഷൻ നടത്തുന്നതിനു മുമ്പായി ലീക്കുകൾ പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ; റീസ്റ്റോറേഷന് മുമ്പ് ലീക്ക് പരിശോധന നടത്തിയില്ലെങ്കിൽ ലീക്ക് ഉണ്ടായാൽ വീണ്ടും റോഡ് കുത്തിപ്പൊളിക്കേണ്ടി വരും എന്നതിനാൽ ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പൈപ്പ് ലൈൻ സ്ഥാപിച്ച റോഡുകൾ ലീക്ക് മൂലം വീണ്ടും കുഴിക്കുന്നത് ഒഴിവാക്കുന്ന തിനുവേണ്ടി ഫാക്ടറിയിൽ ഗുണമേന്മ പരിശോധിച്ചതിനുശേഷം, ഗുണനിലവാര മുള്ളവയാണെന്ന് മുദ്ര വച്ച പൈപ്പുകളാണ് കേരള വാട്ടർ അതോറിറ്റി പ്രവർത്തികളിൽ ഉപയോഗിക്കുന്നത്. കൂടാതെ പൈപ്പുകൾ സ്ഥാപിച്ചതിനു ശേഷം പൈപ്പിന്റെയും, പൈപ്പ് ജോയിന്റെയും, പ്രവൃത്തിയുടേയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഹൈഡ്രോളിക് പ്രഷർ ടെസ്റ്റ് ചെയ്യുന്നുണ്ട്. പ്രഷർ ടെസ്റ്റിൽ പൈപ്പുകളിൽ ലീക്ക് ഉണ്ടാകുകയാണെങ്കിൽ കരാറുകാരന്റെ പൂർണ്ണ ചിലവിൽ ഇവ പരിഹരിക്കാറുണ്ട്. ഇത്തരത്തിൽ ഹൈഡ്രോളിക് ടെസ്റ്റിംഗ് നടത്തി പൈപ്പ് ലൈനിൽ ചോർച്ചയില്ലെന്നു ഉറപ്പാക്കിയതിനു ശേഷം മാത്രമേ കരാറുകാരന് ബിൽ പാസാക്കി നൽകാറുള്ളൂ. |
| (ബി) | നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ശ്രീനാരായണപുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം പഞ്ചായത്തുകളിലെ കുടിവെള്ളം ഇടക്കിടെ മുടങ്ങുന്നത് പൊതു ടാപ്പിലെ കുടിവെള്ളം മാത്രം ആശ്രയിച്ച് ജീവിക്കുന്ന ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുളവാക്കുന്നതിനാൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | നാഷണൽ ഹൈവെയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിലെ കുടിവെള്ള പൈപ്പുകൾ പൊട്ടുമ്പോൾ ഉടനടി എൻ.എച്ച്. കരാറുകാരനായ M/s SCCPL അധികൃതരെ അറിയിക്കുകയും, നിലവിൽ അവർ എത്രയും പെട്ടെന്ന് റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾ ചെയ്ത് കുടിവെള്ള വിതരണം പുന:സ്ഥാപിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ